കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 9/2023 29.05.2023

# സഖാവ് എസ് ബാലചന്ദ്രൻ വിരമിക്കുന്നു



കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെയും ഓഫീസേഴ്സ് യൂണിയന്റെയും കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ സഖാവ് എസ് ബാലചന്ദ്രൻ മെയ് 31 ന് സർവീസിൽ നിന്ന് വിരമിക്കും. ചീഫ് മാനേജർ തസ്തികയിൽ നിന്നുമാണ് അദ്ദേഹം വിരമിക്കുന്നത്. സംഘടനയുടെ ഏറ്റവും അടിത്തട്ടിൽ ഉൾപ്പെടെ ആശയ ദൃഢതയോടെ പ്രവർത്തിച്ച സഖാവ് 2001 മുതൽ eSMGB ഓഫീസേഴ്സ് ഫെഡറേഷന്റെ കേന്ദ്ര കമ്മിറ്റി അംഗമായിരുന്നു. തുടർന്ന് 2017 ൽ KGB ഓഫീസേഴ്സ് യൂണിയന്റെ വൈസ് പ്രസിഡന്റ് ആയും 2020 ൽ സംഘടനയുടെ കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനറായും തെരഞ്ഞെടുക്കപ്പെട്ടു.

സംഘടനയ്ക്ക് അകത്തായാലും പുറത്തായാലും ഏത് വിഷയത്തിലും തന്റെ നിലപാട് കണിശമായ രീതിയിൽ രേഖപ്പെടുത്തുക എന്നത് സഖാവിന്റെ പ്രത്യേകതയാണ്. ഒരു ഘട്ടത്തിൽ കിയോസ്ക് ബാങ്കിംഗ് സംവിധാനത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ പാലക്കാട് പുത്തൂർ ശാഖയിലേക്ക് സ്ഥലം മാറ്റപ്പെട്ടു. ഒടുവിൽ സംഘടന ശക്തമായ പ്രതിഷേധം നടത്തിയതിന്റെ ഭാഗമായാണ് തിരികെ മക്കരപ്പറമ്പ ശാഖയിലേക്ക് വരുന്നത്.

തനിക്ക് അർഹതപ്പെട്ട ഉയർന്ന പദവിയായ ചീഫ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ രണ്ട് തവണ വേണ്ട എന്ന് വെക്കാനുള്ള ധീരമായ തീരുമാനവും സഖാവ് കൈക്കൊള്ളുകയുണ്ടായി. സംഘടനാ സ്വാതന്ത്ര്യം ഇല്ലാതാക്കുന്ന ആ കേഡറിൽ ഇരിക്കാൻ തനിക്ക് ഒട്ടും താല്പര്യമില്ല എന്ന നിലപാട് ആ സമയത്ത് ഏവരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. ത്യാഗങ്ങളില്ലാതെ നേട്ടങ്ങളില്ല എന്ന നമ്മുടെ മുദ്യാവാക്യം തന്റെ ജീവിതത്തിലും പകർത്തുന്ന നേരനുഭവമായി നമുക്കിതിനെ കാണാനാകും. സംഘടനയുടെ നിർദേശത്തെത്തുടർന്നാണ് വൈകിയെങ്കിലും ആ സ്ഥാനത്തേക്ക് പ്രമോഷന് ചെല്ലാൻ സഖാവ് തയ്യാറായത്. എങ്കിലും ചീഫ് മാനേജർ തസ്തികയിലിരുന്ന് സംഘടനാ പ്രവർത്തനം നടത്താനുള്ള ചങ്കൂറ്റവും മുദ്രാവാക്യം വിളിച്ചു കൊടുക്കാനുള്ള തന്റേടവും കാണിച്ചു എന്നത് വരും നാളുകളിൽ ആ തസ്തികയിൽ ഇരിക്കുന്നവർക്ക് വലിയ പ്രചോദനമാകും എന്നാണ് നാം പ്രതീക്ഷിക്കുന്നത്. സഖാവ് എൻ.വി. പ്രേമകുമാറിന്റെ കവിതാ ശകലം തുളുമ്പുന്ന മുദ്രാവാക്യങ്ങൾ സമരവീഥികളെ പ്രകമ്പനം കൊള്ളിപ്പിച്ച് പുതുതലമുറയുടെ ഹൃദയത്തിൽ സ്പർശിച്ചത് സഖാവിന്റെ കണ്ഠങ്ങളിലൂടെയാണ്.

1990 ഫെബ്രുവരി 26 ന് മരഞ്ചാട്ടി ശാഖയിൽ ജൂനിയർ ക്ലാർക്ക് ആയി ജോലിയിൽ പ്രവേശിച്ച സഖാവ് ബാലചന്ദ്രൻ മുക്കം ഏരിയ കമ്മിറ്റി അംഗമായും തുടർന്ന് തിരൂർ, ബത്തേരി എന്നിവിടങ്ങളിൽ ഏരിയ കമ്മിറ്റി അംഗം ആയും പെരിന്തൽമണ്ണ ഏരിയ കൺവീനർ ആയും തെരഞ്ഞെടുക്കപ്പെട്ടു. സംഘടനയുടെ ട്രഷറർ, ജോയിന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങളും സഖാവ് അലങ്കരിച്ചിട്ടുണ്ട്. BEFI പ്രസ്ഥാനം മലപ്പുറത്ത് ഊർജ്ജസ്വലമായ പ്രവർത്തനം നടത്താൻ നേതൃത്വം കൊടുക്കുന്നതിനും മികച്ച സംഭാവനയാണ് സഖാവ് നൽകിയത്. BEFI മലപ്പുറം ജില്ലാ പ്രസിഡന്റ് പദവി വരെ അലങ്കരിച്ച സഖാവ് ജോയിന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

1991ൽ നേരിട്ട് ഓഫീസറായി സെലക്ഷൻ ലഭിച്ചു. എന്നാൽ മാനേജ്മെന്റിന്റെ ദുർവാശിമൂലം നിയമനം നടത്താതിരിക്കുകയും നീണ്ട അഞ്ചുവർഷങ്ങൾ സുപ്രീം കോടതിവരെ നീണ്ടുനിന്ന നിയമ യുദ്ധത്തിനൊടുവിൽ അനുകൂല വിധി സമ്പാദിച്ച് 1996 ഫെബ്രുവരി 7 ന് കൂട്ടായി ശാഖയിൽ പ്രൊബേഷനറി ഓഫീസർ ആയി ജോയിൻ ചെയ്യുകയും ചെയ്തു. HO PAD, വാണിയമ്പലം, അമ്പലവയൽ, പെരിന്തൽമണ്ണ, ഏലംകുളം, കൊളത്തൂർ, പുലാമന്തോൾ, മക്കരപ്പറമ്പ, മാവേലിക്കര, ചങ്ങരംകുളം, പുത്തനത്താണി, HO GA വിംഗ്, പാണ്ടിക്കാട് എന്നിവിടങ്ങളിൽ ജോലി ചെയ്ത് മലപ്പുറം റീജിയണൽ ഓഫീസിൽ നിന്നുമാണ് വിരമിക്കുന്നത്. സഖാവ് ബാലചന്ദ്രൻ ഹെഡ് ഓഫീസിൽ ജോലി ചെയ്തിരുന്ന നാളുകൾ ശക്തമായ പ്രക്ഷോഭത്തിന്റെ നാളുകൾ ആയിരുന്നു. നൂറ് ദിവസത്തിലധികം നീണ്ടുനിന്ന നിസ്സഹകരണ സമരം ഉൾപ്പെടെ ഒന്നിലധികം നിസ്സഹകരണ സമരങ്ങളും പണിമുടക്ക് സമരങ്ങളും, നിരവധി ധർണ്ണാ സമരങ്ങളും നടക്കുകയുണ്ടായി. ജോയിന്റ് ഫോറം ആഭിമുഖ്യത്തിൽ നടന്ന സമരങ്ങൾക്ക് ചുക്കാൻ പിടിച്ച് സമര സമിതി കൺവീനറായി സമരങ്ങൾക്ക് നേതൃത്വം കൊടുത്തതും സഖാവായിരുന്നു. 2018 ൽ 16 ദിവസം നീണ്ടു നിന്ന അനിശ്ചിതകാല നിരാഹാര സമരവും 10 ദിവസം നീണ്ടുനിന്ന അനിശ്ചിതകാല സമരവും വിജയിപ്പിക്കാൻ നേതൃപരമായ പങ്ക് വഹിക്കുകയും ചെയ്തു. ദീർഘവീക്ഷണവും പഴയ കാലത്ത് നടന്ന ഓരോ സംഭവ വികാസങ്ങളും കൃത്യമായി ഓർത്തെടുക്കുന്നതും മാനേജ്മെന്റുമായി നടക്കുന്ന ചർച്ചാവേളകളിൽ സംഘടനയ്ക്കും ജീവനക്കാർക്കും വലിയ മെച്ചമാണ് ഉണ്ടാക്കിയത്. ഈ പ്രവർത്തനത്തിന്റെ ഭാഗമായി മാനേജ്മെന്റ് വളരെ മോശമായാണ് സഖാവിനോട് പ്രതികരിച്ചത്. സർവീസ് പൂർത്തിയാക്കാൻ കേവലം ഒരു വർഷം മാത്രം ബാക്കി നിൽക്കെ ഹൃദയസംബന്ധമായ അസുഖം ബാധിച്ച് അൽപകാലം ആശുപത്രിവാസവും വിശ്രമവും തുടരവെ ഏറ്റവും തിരക്കേറിയ പാണ്ടിക്കാട് ശാഖയിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെട്ടു. ഒരു വർഷം മാത്രമേ സർവ്വീസ് ബാക്കിയുള്ളു എന്നതിനാലും അസുഖത്തിന്റെ തീവ്രത പരിഗണിച്ചും ഹെഡ് ഓഫീസിൽ അല്ലെങ്കിൽ റീജിയണൽ ഓഫീസിൽ നില നിർത്തണം എന്ന സംഘടനയുടെ അഭ്യർത്ഥന തള്ളിക്കളഞ്ഞ് തങ്ങളുടെ തീരുമാനത്തിൽ മാനേജ്മെന്റ് ഉറച്ചു നിൽക്കുകയായിരുന്നു. ''മരണത്തോട് മല്ലിടുന്ന വേളയിലും അയാൾ നമ്മുടെ സംഘടനാ പ്രവർത്തകൻ ആണെങ്കിൽ ചത്ത് തുലയട്ടെ'' എന്ന നിലപാട് തന്നെയാണ് എല്ലാക്കാലവും മാനേജ്മെന്റ് കാണിച്ചു കൊണ്ടിരുന്നത് എന്നത്, നട്ടെല്ല് വളക്കാതെ സംഘടനാപ്രവർത്തനം നടത്തുന്ന നാം ഒരു അലങ്കാരമായാണ് കാണുന്നത്. തന്നിൽ അർപ്പിതമായ വെല്ലുവിളി ഏറ്റെടുത്ത് തിരക്കേറിയ ആ ബ്രാഞ്ചിൽ ബിൽഡിംഗ് ഷിഫ്റ്റ് ചെയ്യുന്ന വേളയിൽ നടന്ന RD ക്യാമ്പയിനിങ്ങിൽ നമ്മുടെ ബാങ്കിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ച വച്ച ബ്രാഞ്ച് എന്ന ഖ്യാതി നേടിയാണ് മാനേജ്മെന്റിനോട് പകരം വീട്ടിയത്. സംഘടനാ പരമായ ഉത്തരവാദിത്തം ഏറ്റവും കർക്കശമായി നിറവേറ്റുമ്പോഴും ഔദ്യോഗിക കാര്യങ്ങളിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും പാടില്ല എന്ന സംഘടനാ നിലപാട് ഉറപ്പിച്ചു നിർത്തുന്ന ഉത്തമനായ സഖാവ് കൂടിയാണ് ബാലചന്ദ്രൻ. സർവ്വീസിന്റെ അവസാന നാളുകളിൽ മലപ്പുറം റീജിയണൽ ഓഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. തന്റെ സർവീസ് കാലയളവിൽ ഉടനീളം മുഖം നോക്കാതെ നിലപാട് വ്യക്തമാക്കുകയും സംഘടനയുടെ ഏറ്റവും ഉയർന്ന സ്ഥാനത്ത് ഇരിക്കുമ്പോഴും എളിമയോടെ സംഘടനാ പ്രവർത്തനം നടത്തുകയും ചെയ്ത സഖാവ് ബാലചന്ദ്രന്റെ ശൈലി വേറിട്ട് നിൽക്കുന്ന ഒന്നാണ്. തീർച്ചയായും വരുംനാളുകളിൽ പൂർണ്ണ സമയ സംഘടനാ പ്രവർത്തകനായി സഖാവ് നമ്മുടെ കൂടെയുണ്ടാവും എന്ന ഉറച്ച വിശ്വാസത്തോടെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

അഭിവാദനങ്ങളോടെ,

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**പ്രശാന്ത് ജി**
ആക്ടിംഗ് ജനറൽ സെക്രട്ടറി
KGBOU, 99951 10026